## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### സ്പെഷ്യാലിറ്റികളോടുകൂടിയ ചികിത്സാ സംവിധാനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2319 — 19.6.2013 - ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ. എൻ. എ. ഖാദർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഓരോ ബ്ലോക്ക് പഞ്ചായത്തിലേയും ഒരു ആശുപത്രിയിലെങ്കിലും ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റികളോടുകൂടിയ ചികിൽസാ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | എ) | ഒരു ബ്ലോക്കിൽ ഒരു ആശുപത്രി തെരഞ്ഞെടുത്ത് മേജർ സ്പെഷ്യാലിറ്റികളോടുകൂടി വികസിപ്പിക്കുന്ന കാര്യം ആലോചിച്ചു വരുന്നു. ബ്ലോക്കിലെ ഏത് ആശുപത്രിയാണ് വികസനത്തിനുവേണ്ടി തെരഞ്ഞെടുക്കേണ്ടത് എന്ന് തീരുമാനിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ മെഡിക്കൽ ആഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരമുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നൽകാമോ; | ബി) | എല്ലാ ബ്ലോക്കിലും ഓരോ ആശുപത്രി വീതം തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതാണ്. |
| സി) | സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | സർവ്വീസിൽ ഉള്ളവരിൽ നിന്നുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തെരഞ്ഞെടുപ്പ് ഓരോ വർഷവും ഡിസംബർ 31 - നാണ് നടത്തുന്നത്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് |

| | | | |
|---|---|---|---|
| | | | കാരണം സർവ്വീസിലുള്ള സ്പെഷ്യലിസ്റ്റ് ക്വാളിഫിക്കേഷൻ നേടിയ ഡോക്ടർമാരെ ജൂലൈ മാസത്തിൽ തന്നെ പ്രൊവിഷണലായി സ്പെഷ്യലിസ്റ്റ് കേഡറിൽ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കി വരുന്ന ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.<br>നിലവിൽ സ്പെഷ്യാലിറ്റി കേഡറിലെ ഒഴിവുകൾ നികത്തുവാൻ അസിസ്റ്റന്റ് സർജൻമാരിൽ യോഗ്യതയുള്ളവരിൽനിന്നും ഓപ്ഷൻ വാങ്ങുകയും അതിൻപ്രകാരം ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതാണ്. കൂടാതെ നിലവിലുള്ള ജൂനിയർ കൺസൾട്ടന്റമാരുടെ ഒഴിവുകൾ പ്രൊവിഷണൽ അപ്പോയിന്റ്മെന്റിലൂടെയും നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ